**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1903** **04-02-2026 - ൽ മറുപടിയ്ക്ക്**

**വെള്ളരിക്കുണ്ട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | വെള്ളരിക്കുണ്ട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നത് ഏത് കെട്ടിടത്തിലാണെന്ന് അറിയിക്കാമോ; | (എ) | വെള്ളരിക്കുണ്ട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നിലവിൽ സ്വകാര്യ കെട്ടിടത്തിൽ വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടത്തിന്റെ വിലാസം താഴെ പറയും പ്രകാരമാണ്.<br><br>ബിൽഡിംഗ് നമ്പർ 462,<br><br>വാർഡ് നമ്പർ.15<br><br>ബലാൽ, വെള്ളരിക്കുണ്ട്,<br><br>കാസർഗോഡ് |
| (ബി) | വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷനിൽ പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | വെള്ളരിക്കുണ്ട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് 05.11.2025-ലെ സ.ഉ.(സാധാ)നം.452/2025 ഗതാ. പ്രകാരം 10,58,000/- രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർനടപടി മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരികയാണ്. |
| (സി) | പ്രസ്തുത സ്ഥാപനം എപ്പോഴത്തേക്ക് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റി പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | വെള്ളരിക്കുണ്ട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ മിനി സിവിൽ സ്റ്റേഷനിൽ പൂർത്തിയായി കഴിഞ്ഞാൽ ഉടൻ തന്നെ പ്രവർത്തനം മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ